**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1390** **18-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടയം ലഭ്യമാക്കുന്ന നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | **Shri E. Chandrasekharan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ മൂക്കന്നൂർ വില്ലേജിൽപ്പെട്ടതും, 48 വർഷങ്ങൾക്ക് മുൻപ് ശ്രീ. ത്രേസ്യ നിധിയേരിയുടെ എസ്റ്റേറ്റിലെ തോട്ടം തൊഴിലാളികളുടെ കൂലിതർക്കവുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടിപ്രകാരം പണത്തിനു പകരമായി നൽകിയിരുന്നതും, ശ്രീ. ത്രേസ്യാ നിധിയേരിയിൽ നിന്നും മിച്ചഭൂമിയായി ഏറ്റെടുത്തതുമായ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുവേണ്ടി കറുകുറ്റി വില്ലേജ്, പാലിശേരി കരയിൽ കാളി മകൾ കാർത്ത്യായനി മുതൽ 31 പേർ സമർപ്പിച്ച അപേക്ഷയിൽ പട്ടയം ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കാമോ; | (എ) | ശ്രീമതി.ത്രേസ്യാനിധിയേരിയിൽ നിന്നും ഏറ്റെടുത്ത ഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിനായി ശ്രീമതി.കാർത്ത്യായനി മുതൽ 31 പേർ സമർപ്പിച്ച അപേക്ഷ റിപ്പോർട്ടിനായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ച നൽകിയിട്ടുള്ളതും, ആയതിന്മേൽ അന്വേഷണം നടത്തിയതിൽ പ്രസ്തുത കക്ഷികളിൽ പലരും ടി ഭൂമി കൈമാറിയിട്ടുള്ളതാണെന്ന് കണ്ടെത്തുകയും പതിവ് നടപടിയ്ക്ക് അപേക്ഷിക്കുവാൻ ആസ്പദമായിട്ടുള്ള വസ്തു ഭൂപരിഷ്കരണ നിയമത്തെ പരാജയപ്പെടുത്തുവാൻ മന:പൂർവ്വം സൃഷ്ടിക്കപ്പെട്ടതാണോയെന്ന് പരിശോധിക്കുവാൻ എറണാകുളം ജില്ലാ കളക്ടറേറ്റിലെ എൽ4-45123/2003 ഫയലിൽ ആലുവ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യം നിലനിൽക്കുന്നതിനാലാണ് പതിവ് നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. |
| (ബി) | ഇതു സംബന്ധിച്ച എറണാകുളം കലക്ടേറ്റിലെ L4-45123/2003 നമ്പർ ഫയലിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ; | (ബി) | ശ്രീമതി.ത്രേസ്യാനിധിയേരിയിൽ നിന്നും ഏറ്റെടുത്ത ഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിനായി ശ്രീമതി.കാർത്ത്യായനി മുതൽ 31 പേർ സമർപ്പിച്ച അപേക്ഷ റിപ്പോർട്ടിനായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ച നൽകിയിട്ടുള്ളതും, ആയതിന്മേൽ അന്വേഷണം നടത്തിയതിൽ പ്രസ്തുത കക്ഷികളിൽ പലരും ടി ഭൂമി കൈമാറിയിട്ടുള്ളതാണെന്ന് കണ്ടെത്തുകയും പതിവ് നടപടിയ്ക്ക് അപേക്ഷിക്കുവാൻ ആസ്പദമായിട്ടുള്ള വസ്തു ഭൂപരിഷ്കരണ നിയമത്തെ പരാജയപ്പെടുത്തുവാൻ മന:പൂർവ്വം സൃഷ്ടിക്കപ്പെട്ടതാണോയെന്ന് പരിശോധിക്കുവാൻ എറണാകുളം ജില്ലാ കളക്ടറേറ്റിലെ എൽ4-45123/2003 ഫയലിൽ ആലുവ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യം നിലനിൽക്കുന്നതിനാലാണ് പതിവ് നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഭൂമി സംബന്ധിച്ച് റവന്യൂ ഡിപ്പാർട്ട്മെന്റിലെ 74617/N2/2004 നമ്പർ ഫയലിലും ലാന്റ് ബോർഡിലെ LB(E)10-2200/87(2) നമ്പർ ഫയലിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത ഭൂമി സംബന്ധിച്ച് റവന്യൂ ഡിപ്പാർട്ട്മെന്റിലെ 74617/N2/2004 നമ്പർ ഫയലിൽ ശുപാർശ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ലാൻഡ് ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെട്ടുകയും ലാന്റ് ബോർഡിലെ LB(E)10-2200/87(2) നമ്പർ ഫയലിൽ നിന്നും അന്വേഷണ റിപ്പോർട്ടിനായി എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വർഷങ്ങളായി പ്രസ്തുത ഭൂമി കൈവശംവച്ച് അനുഭവിച്ച് വരുന്ന അപേക്ഷകരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ടിയാളുകൾക്ക് എന്നത്തേക്ക് പട്ടയം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ഭൂപരിഷ്ക്കരണ നിയമത്തെ മന:പൂർവ്വം പരാജയപ്പെടുത്തുവാൻ വേണ്ടിയാണോ പ്രഖ്യാതാവ് ഭൂമി കൈമാറ്റം നടത്തിയിട്ടുള്ളത് എന്നത് പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് ടിയാളുകളുടെ അർഹതയ്ക്ക് വിധേയമായി ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇത് സംബന്ധിച്ച് റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാൻ ലാൻഡ് ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ